# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോ-ഓർഡിനേഷൻ സമിതി

## ബഹുമാനപ്പെട്ട വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പുമന്ത്രിയുടെ ചേംബറിൽ 15.02.2012 -ന് രാവിലെ 8 മുതൽ കൂടിയ കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:-

അദ്ധ്യക്ഷൻ : ശ്രീ. പി. കുഞ്ഞാലിക്കുട്ടി
ബഹു. വ്യവസായ/അർബൻ അഫയേഴ്സ് വകുപ്പു മന്ത്രി

**1. പൊതു വിഷയങ്ങൾ**

1.1 2011-12 പദ്ധതി അവലോകനം

1.2

| | |
|---|---|
| ഗ്രാമപഞ്ചായത്തുകൾ | 40.7 ശതമാനവും |
| ബ്ലോക്ക് പഞ്ചായത്തുകൾ | 40 ശതമാനവും |
| ജില്ലാ പഞ്ചായത്തുകൾ | 40.6 ശതമാനവും |
| നഗരസഭകൾ | 15 ശതമാനവും |

പദ്ധതി വിഹിതം ജനുവരി മാസംവരെ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2. പ്രത്യേക വിഷയങ്ങൾ**

**2.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.73238/ഐ.ബി.2/11/തസ്വഭവ)**

**തീയതി 15/02/12**

കമ്പ്യൂട്ടർ പരിശീലനം നടത്തുന്ന സ്ഥാപനമായി കോഴിക്കോട് ജില്ലയിലെ '.സ്കിൽ ഡെവലപ്മെന്റ് സെന്റർ' എന്ന സ്ഥാപനത്തെ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം.63614/ഡി.എ.2/11/തസ്വഭവ)**

**തീയതി 15/02/12**

കുടുംബശ്രീ യൂണിറ്റ് ബസ് സർവീസ് നടത്തുന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3 ICWAI ട്രെനികളുടെ സ്റ്റൈഫന്റ് (ഫയൽ നം.3221/ഐ.ബി2//12/തസ്വഭവ)തീയതി 15/02/12**

നിലവിലുള്ള സ്റ്റൈഫന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4 ഏലൂർ നഗരസഭ (ഫയൽ നം.72401/ഡി..സി3/11/തസ്വഭവ)തീയതി 15/02/12**

പി.എച്ച് സെന്ററിന് കോമ്പൗണ്ട് വാൾ നിർമ്മിക്കുക, ക്വാർട്ടേഴ്സ്, ഗേറ്റ് എന്നിവ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികൾക്ക് നിലവിലുള്ള എസ്റ്റിമേറ്റിൽ 18% അധികരിച്ച നിരക്ക് നൽകണമെന്ന നഗരസഭയുടെ അപേക്ഷ സി.ഇ.യുടെ അഭിപ്രായത്തിനായി വിടുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.5 അദ്ധ്യാപക – പഞ്ചായത്ത് പ്രസിഡന്റുമാരുടെ ജോലി ക്രമീകരണം**

**(ഫയൽ നം.74143/ഇ.എം.2/11/തസ്വഭവ)തീയതി 15/02/2012**

അദ്ധ്യാപക ജോലിയുള്ള പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ശമ്പളത്തോടെയുള്ള അവധി അനുവദിക്കണമെന്നും പകരം ആളെ നിയമിക്കണമെന്നുമുള്ള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ അപേക്ഷ നിരസിക്കുന്നു. വിദ്യാഭ്യാസ വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.6 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.1464/ഡി.ഡി.2/12/തസ്വഭവ) തീയതി 15/02/12**

അമ്പലപ്പാറ ഗ്രാമപഞ്ചായത്തിൽ ക്ഷീര ഗ്രാമം എന്ന പദ്ധതിയിൽ കറവപ്പശുക്കളെ തമിഴ്നാട്ടിൽ നിന്നും വാങ്ങുന്നതിനു പകരം കേരളത്തിൽ നിന്നും വാങ്ങുന്ന ഭേദഗതി അംഗീകരിക്കണമെന്ന അപേക്ഷ കറവപ്പശുക്കൾക്കു പകരം 'കിടാരി' യെ കേരളത്തിനകത്തുനിന്നും വാങ്ങുന്ന പദ്ധതിയായി മാറ്റം വരുത്തി അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.7 C-apt അംഗീകൃത ട്രെയിനിംഗ് സെന്റർ ആയി നിശ്ചയിക്കുന്നത്**

**(ഫയൽ നം.4982/ഐ.ബി2/12/തസ്വഭവ) തീയതി 15/02/12**

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻഡ് പ്രിന്റിംഗ് & ട്രെയിനിംഗ് എന്ന സ്ഥാപനത്തെ കൂടി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ട്രെയിനിംഗ് നടത്തുന്ന സ്ഥാപനമായി അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.8 വെള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.54318/ഡി.എ.2/12/തസ്വഭവ) തീയതി 15/02/12**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിന് 2.5 ലക്ഷം രൂപ ചെലവിടുന്ന പദ്ധതി പ്രൊഫഷണൽ/പോസ്റ്റ് ഗ്രാഡുവേഷൻ വിദ്യാർത്ഥികൾക്ക് നൽകാം എന്ന വ്യവസ്ഥയോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.9 മങ്കട ഗ്രാമപഞ്ചായത്ത് (ഫയൽ നം.4702/എഫ്.എം.1/12/തസ്വഭവ) തീയതി 15/02/12**

റോഡ് മെയിന്റനൻസ് ഗ്രാന്റ് നിലവിലുള്ള റോഡ് കോൺക്രീറ്റിംഗ്/ടാറിംഗ് പണിക്കുപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.10 വെളിനല്ലൂർഗ്രാമപഞ്ചായത്ത് (38318/ഡി.എ.2/11/തസ്വഭവ) തീയതി 15/02/12**

വികസനഫണ്ട് 'പൈപ്പ്ലൈൻ നീട്ടൽ' എന്ന പദ്ധതിക്കായി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത നടപടിക്ക് അംഗീകാരം നൽകുന്നു.

പ്രവൃത്തി നടപ്പാക്കിയത് സംബന്ധിച്ച റിപ്പോർട്ടും ഡി.പി.സി. അനുവാദം ഇല്ലാതെ ഡെപ്പോസിറ്റു ചെയ്തതു സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.11 തൃശൂർ ജില്ലാ പഞ്ചായത്ത് (21237/എഫ്.എം.1/10/തസ്വഭവ) തീയതി 15/02/12**

ജില്ലാ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന/ അനുമതി നൽകുന്ന റോഡുകളുടെ മെയിന്റനൻസിനും ഉപയോഗിക്കാവുന്നതാണ്. 5 മീറ്ററെങ്കിലും വീതിയുള്ള റോഡുകൾ മാത്രമേ തിരഞ്ഞെടുക്കാൻ പാടുള്ളൂ. ജില്ലാ പഞ്ചായത്ത് റോഡുകളുടെ എല്ലാം മെയിന്റനൻസ് കഴിഞ്ഞിട്ടുണ്ടോ എന്ന വിവരം ശേഖരിക്കുക.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.12 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് (28485/ബി3/11/തസ്വഭവ) തീയതി 15/02/12**

പട്ടികജാതി വികസനവകുപ്പ് റോഡ് പണിക്കായി അനുവദിച്ച 19.5 ലക്ഷം രൂപ ഗുണഭോക്തൃ സമിതി മുഖേന നിലവിലുള്ള നിബന്ധനകൾക്കു വിരുദ്ധമായി ആംഭിച്ചതു സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് നൽകുന്നതിന് സി.ഇ, എൽ.എസ്.ജി.ഡി.യെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.13 പാലക്കാട് നഗരസഭ (58468/ഡി.സി.3/11തസ്വഭവ) തീയതി 15/02/12**

പട്ടികജാതി ജനസംഖ്യാനുപാതികമായല്ലാതെ എസ്.സി.പി. വിഹിതം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.14 പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് (2285/ഡി.ഡി1/12/തസ്വഭവ) തീയതി 15/02/12**

ലക്ഷം വീട് കോളനിയിലെ ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിനും റിപ്പയർ ചെയ്യുന്നതിനുമായി ഐ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.15 ചേർപ്പ് ഗ്രാമപഞ്ചായത്ത് (5025/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

വീടിനു പകരം ഫ്ളാറ്റ് നിർമ്മിക്കുന്ന പദ്ധതി 3 നിലവരെ ആകാം എന്നും 3.25 ലക്ഷം രൂപവരെ ഒരു ഫ്ളാറ്റിന് സബ്സിഡിയായി ചെലവഴിക്കാമെന്നും 12 വർഷം വരെ കൈമാറ്റം പാടില്ല എന്ന നിബന്ധനയിൽ ഉടമസ്ഥാവകാശം നൽകാം എന്നുമുള്ള പൊതു നിബന്ധനകൾ അംഗീകരിച്ച് പഞ്ചായത്തിന്റെ പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.16 താനൂർ ബ്ലോക്ക് പഞ്ചായത്ത് (4589/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

'അങ്കണവാടിക്ക് വിറകുപുര' നിർമ്മിക്കുന്ന പദ്ധതിക്ക് നിലവിലുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ മേലിൽ പദ്ധതി തയ്യാറാക്കാൻ പാടുള്ളൂ എന്ന നിബന്ധനയോടെ അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.17 ഏഴുകോൺ ഗ്രാമപഞ്ചായത്ത് (7240/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

പട്ടികജാതി വിഭാഗത്തിനു മാത്രമായി കളിസ്ഥലത്തിനു സ്ഥലം വാങ്ങുക എന്ന പദ്ധതി കൂടുതൽ പരിശോധനയ്ക്കായി മാറ്റി വച്ചു. പട്ടികജാതി ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തി വിശദവിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.18 മാടായി ഗ്രാമപഞ്ചായത്ത് (8368/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

ഭവന–ഭൂരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്ന പദ്ധതിയിൽ സബ്സിഡി തുക 1.50 ലക്ഷം രൂപയായി ഉയർത്തി പൊതുവായ ഉത്തരവ് നൽകുന്നതിന് തീരുമാനിച്ചു. പദ്ധതി പട്ടികജാതി വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.19 മലപ്പുറം ജില്ലാ പഞ്ചായത്ത്, പദ്ധതി തുക പി.റ്റി.എ. ഫണ്ടിന് കൈമാറുന്നത് (8718/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

അഞ്ച് പ്രവൃത്തികൾക്കായി പി.റ്റി.എ ഫണ്ടിലേയ്ക്ക് വികസനഫണ്ട് കൈമാറുന്ന പദ്ധതി അംഗീകരിക്കുന്നു. എല്ലാ പ്രവൃത്തികളും 6 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ് എന്നുള്ളത് പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിപരമായ ഉത്തരവാദിത്വമായിരിക്കും മൂന്നുമാസം കഴിയുമ്പോൾ പുരോഗതി റിപ്പോർട്ടു ചെയ്യേണ്ടതാണ്. എൽ.എസ്.ജി.ഡി. സി.ഇ. ഈ പദ്ധതി മോണിട്ടർ ചെയ്യേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.20 എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് എസ്.സി.പി മേഖലാ വിഭജനം (7037/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

എസ്.സി.പി. ഫണ്ടിൽ നിന്നും വനിതാ ഘടക പദ്ധതിക്കായി (10%ൽ ഉൾപ്പെടുത്തി) വകയിരുത്തിയ തുക ഒഴിവാക്കണമെന്ന അപേക്ഷ നിരസിക്കുന്നു.

എസ്.സി. വനിതകൾക്ക് ഗുണപരമായ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.21 കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് (3862/ഡി.എ2/2012/തസ്വഭവ) തീയതി 15/02/12**

വേനൽകാല കാലിത്തീറ്റ പദ്ധതി ബി.പി.എൽ കുടുംബങ്ങൾക്ക മാത്രമായി എസ്.ജി.എസ്.വൈ മാനദണ്ഡപ്രാകരം സബ്സിഡി പണമായി നൽകാൻ പാടില്ല' എന്ന വ്യവസ്ഥയോടെ അനുവദിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.22 എസ്.സി.പി. ഫണ്ട് വിനിയോഗം നിയന്ത്രണം (8375/ഡി.എ2/2012/തസ്വഭവ)**

**തീയതി 15/02/12**

എസ്.സി.പി. ഫണ്ടുപയോഗിച്ച് സ്ഥലം മാത്രം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കേണ്ടതില്ലാ എന്ന് തീരുമാനിച്ചു. വീടോ വ്യവസായ സംരംഭങ്ങളോ ആരംഭിക്കുന്നതിനുള്ള നിർദ്ദേശവും വിഭവവും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.23 തിരുവനന്തപുരം നഗരസഭ അംഗവൈകല്യമുള്ളവർക്ക് തൊഴിൽസംരംഭം**

**(70361 /ഡി.എ3/2011/തസ്വഭവ) തീയതി 15/02/12**

അംഗവൈകല്യമുള്ള 18–നും 50–നും മദ്ധ്യേ പ്രായമുള്ളവർക്ക് തൊഴിൽ സംരംഭമായി ഫോട്ടോസ്റ്റാറ്റ് മെഷീൻ, മുറി ഫർണിച്ചർ, ഇലക്ട്രിഫിക്കേഷൻ, നഗരസഭാ ലൈസൻസ് എന്നിവ ലഭ്യമായി എന്നുറപ്പു വരുത്തിയ ശേഷം മാത്രമേ വാങ്ങി നൽകാൻ പാടുള്ളൂ എന്ന നിബന്ധനയോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.24 മൂർക്കനാട് ഗ്രാമപഞ്ചായത്ത് സമഗ്ര വിദ്യാഭ്യാസ പരിപാടി**

**(3964/എഫ്.എം2/2012 /തസ്വഭവ) തീയതി 15/02/12**

സമഗ്ര വിദ്യാഭ്യാസ പരിപാടിക്കായി ലോകബാങ്ക് ധനസഹായം ഉൾപ്പെടുത്തിയിരുന്നത് ഒഴിവാക്കി തനത്ഫണ്ട് ഉപയോഗിച്ച് പദ്ധതി പൂർത്തിയാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.25 പ്രീ–റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ (4988/ഡി.എ1/12/തസ്വഭവ) തീയതി 15/02/12**

ട്രെയിനിംഗ് ലഭിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന എസ്.സി/എസ്.റ്റി ഗുണഭോക്താവ് 1,000/– രൂപയും ജനറൽ വിഭാഗ ഗുണഭോക്താവ് 2,000/– രൂപയും നൽകിയാൽ മതി എന്ന നിബന്ധനയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സബ്സിഡി നിരക്കുകൾ പുതുക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.26 കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് (72171/ഡി.എ2/11/തസ്വഭവ) തീയതി 15/02/12**

എസ്.സി.പി. ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ എസ്.റ്റി വിഭാഗത്തിന്റെ വീട് പുനരുദ്ധാരണ പണിക്കുപയോഗിക്കുന്ന പദ്ധതി നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.27 മലപ്പുറം ജില്ലാ പഞ്ചായത്ത് (5691/ഡി.ബി.1/11/തസ്വഭവ) തീയതി 15/02/12**

ഫിഷ് ലാന്റിംഗ് സെന്ററുകൾ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതിനുള്ള അപേക്ഷ നിരസിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.28 അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് (5467/ആർ.എ1/12/തസ്വഭവ) തീയതി 15/02/12**

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് 10 വർഷം മുൻപ് നികത്തപ്പെട്ട സ്ഥലത്ത് വീട് നിർമ്മിക്കുന്നതിന് അനുവാദം നൽകുന്ന ആനുകൂല്യം വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കു കൂടി ബാധകമാക്കണമെന്ന ആവശ്യം നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.29 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള പരിഷ്കരിച്ച ഫോറങ്ങൾ കില സമർപ്പിച്ചത്. (3654/ഡി.എ1/12/തസ്വഭവ) തീയതി 15/02/12**

12-ാം പഞ്ചവൽസര പദ്ധതി രൂപീകരണം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചശേഷം ഫാറങ്ങൾ അന്തിമമായി പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**<u>അജണ്ടയ്ക്കു പുറമേ</u>**

**2.30 ഒറ്റപ്പാലം നഗരസഭ ബസ് സ്റ്റാന്റ് നിർമ്മാണം (829/ഡി.സി.3/12/തസ്വഭവ) തീയതി 15/02/12**

എൽ.എസ്.ജി.ഡി. സി.ഇയുടെ റിപ്പോർട്ട് ഉൾപ്പെടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.31 മുതുവല്ലൂർ ഗ്രാമപഞ്ചായത്ത് – തീയതി 15/02/12**

വൈദ്യുതി, വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി താൽക്കാലിക നമ്പർ അനുവദിക്കാവുന്നതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.32 കാട്ടകാമ്പൽ ഗ്രാമപഞ്ചായത്ത് (8089/ഡി.എ2/12/തസ്വഭവ) തീയതി 15/02/12**

ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി യോഗ്യതയുള്ള ഗുണഭോക്താക്കളാണെന്ന് ഉറപ്പുവരുത്തി നടപ്പാക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.33 പനമരം ഗ്രാമപഞ്ചായത്ത് (5039/ഡി.എ2/12/തസ്വഭവ) തീയതി 15/02/12**

കറവമാടുകളെ വാങ്ങി നൽകുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നായിരിക്കണം എന്ന വ്യവസ്ഥ ഒഴിവാക്കണമെന്ന അപേക്ഷ കറവമാടുകൾക്ക് പകരം കിടാരി വാങ്ങി നൽകുന്ന പദ്ധതിയായി കേരളത്തിനകത്തു നിന്നും വാങ്ങി നൽകാം എന്ന വ്യവസ്ഥയോടെ അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.34 ഇ.എം.എസ് ഭവന പദ്ധതിയിൽ യൂണിറ്റ് കോസ്റ്റ് ഉയർത്തുന്നതു സംബന്ധിച്ച്.**

01.04.2011–നുശേഷം എഗ്രിമെന്റ് വച്ച എല്ലാ ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താക്കൾക്കും യൂണിറ്റ് കോസ്റ്റ് ജനറൽ വിഭാഗത്തിന് 2 ലക്ഷവും എസ്.സി. വിഭാഗത്തിന് 2 ലക്ഷവും എസ്.റ്റി. വിഭാഗത്തിന് 2.50 ലക്ഷവുമായി നിശ്ചയിച്ചു.

യോഗം 10.A.M. ന് അവസാനിച്ചു)